DESPATCHED
On 05/03/2020
14.2.20.

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 1060(*2)/2014*/***എസ്.ഐ.സി.*
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. 14424/*എസ്.ഐ.സി–ജി 6/2014*)

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീമതി.സബീല ബീവി,**
**എ.എസ്.ഹൗസ്, 10th സ്റ്റോൺ**
**മഞ്ച.പി.ഒ, നെടുമങ്ങാട്** } **പരാതി ഹർജിക്കാരൻ**

**Vs**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ**
**ടൗൺപ്ലാനിംഗ് വിഭാഗം**
**നഗരസഭ കാര്യാലയം**
**തിരുവനന്തപുരം** } **എതിർകക്ഷി**

## ഉത്തരവ്

ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ നിശ്ചിതസമയത്തിനകം ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. എസ്.പി.ഐ.ഒ.യുടെ മൊഴി രേഖപ്പെടുത്താൻ 10.10.2019ൽ കമ്മീഷൻ ആസ്ഥാനത്ത് എല്ലാ രേഖകളും ഉൾപ്പെടെ ഹാജരാകുവാൻ എസ്.പി.ഐ.ഒ യെ സമൻ ചെയ്യുകയും, ടിയാൻ ഹാജരാകുകയും മുൻ ഹിയറിംഗിന്

ഹാജരാകത്തതിന് കാരണം ബോധിപ്പിക്കുകയും, സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരി ആവശ്യപ്പെട്ട രേഖകൾ എഞ്ചിനീയറിംഗ് വിഭാഗം കെട്ടിടം റിനോവേഷൻ പണികൾ നടക്കുന്നതിനാൽ കക്ഷി ആവശ്യപ്പെട്ടിരുന്ന രേഖകൾ അടങ്ങിയ ഫയൽ കണ്ടെത്തുന്നതിന് കാലതാമസം ഉണ്ടാവുകയും ഇപ്പോൾ പ്രസ്തുത ഫയൽ കണ്ടെത്തി കക്ഷി ആവശ്യപ്പെട്ട രേഖകൾ കൈക്കൊള്ളുന്നതിനുള്ള അറിയിപ്പ് നൽകിയിട്ടുണ്ടെന്നാണ്.

3. പരാതി ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് മറുപടി നൽകിയെന്നതിനാൽ ടി പരാതി ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഇന്നേദിവസം 2020 ജനുവരി 14–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)



res